**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2381** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 മേയ് മുതൽ 30.01.2026 വരെ)ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി വിഭാഗ ത്തിൽപ്പെട്ട 1153 കുടുംബങ്ങൾക്ക് വീടുകൾ അനുവദിക്കുകയും ഇതിനായി 32,67,80,000/ രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽ 12 വീട് അനുവദിക്കുകയും ഇതിനായി 7,20,000 രൂപ ചെലവഴിച്ചിട്ടുമുണ്ട്. |
| (ബി) | ഇതിൽ ഭൂരഹിതരായ എത്രപേർക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ? | (ബി) | ഭൂരഹിതരായ 48 പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണാ നുകൂല്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ